സ്ഥാപിതം 1964

സ്വതന്ത്രമണ്ഡപം

Independent Daily

പൂത്തോൾ, തൃശൂർ–680004

www.swathanthramandapam.com വാല്യം: 59 ലക്കം: 218 2024 ഡിസംബർ 19 വ്യാഴം പേജ്: 2 വില: 1 രൂപ PHONE: 2384127, 2384558 E-mail: smdaily03@yahoo.co.in

സ്വതന്ത്രമണ്ഡപം പത്രത്തിന്റെ ഓൺലൈൻസന്ദർശിക്കുക
Visit
Swathanthra Mandapam Online
www.swathanthramandapam.com

സർക്കാർ ആശുപത്രിയിലെ ഐസിയുവിനുള്ളിൽ മന്ത്രവാദം

അഹമ്മദാബാദ്: സർക്കാർ ആശുപത്രിയിലെ ഐസിയുവിനുള്ളിൽ മന്ത്രവാദം നടത്തുന്നതിന്റെ വീഡിയോ ദൃശ്യങ്ങൾ പുറത്ത്. അഹമ്മദാബാദ് സർക്കാർ ആശുപത്രിയിലെ അത്യാഹിത വിഭാഗത്തിനുള്ളിലാണ് മുകേശ് ഭുവാജി എന്നയാൾ മന്ത്രവാദ പ്രവർത്തനങ്ങൾ നടത്തിയത്. ഇതിന്റെ ദൃശ്യങ്ങൾ സമൂഹമാദ്ധ്യമങ്ങളിൽ പ്രചരിക്കുകയാണ്.സാധാരണ ടീഷർട്ടും പാന്റും ധരിച്ച് മാസ്ക് അണിഞ്ഞ് മുകേശ് അത്യാഹിത വിഭാഗത്തിലെ രോഗിയെ സന്ദർശിക്കുന്നതിനായി ആശുപത്രിയിൽ പ്രവേശിക്കുന്നതാണ് വീഡിയോയുടെ തുടക്കത്തിലുള്ളത്. തുടർന്ന് ഇയാൾ ഐസിയുവിനുള്ളിലെത്തി മന്ത്രവാദ പ്രവൃത്തികൾ ചെയ്യുന്നത് കാണാം. ഡോക്ടർമാർക്ക് രോഗിയെ രക്ഷിക്കാൻ കഴിഞ്ഞില്ലെന്നും തന്റെ മന്ത്രങ്ങളും ക്രിയകളുമാണ് ആരോഗ്യം വീണ്ടെടുത്തതെന്നും ഇയാൾ വീഡിയോയിൽ അവകാശപ്പെടുന്നു. ആശുപത്രിയിൽ നിന്ന് ഡിസ്ചാർജ് ആയതിനുപിന്നാലെ വീട്ടിലെത്തിയ രോഗിയുടെ ബന്ധുക്കൾ മുകേശിനോട് നന്ദി പറയുകയും ചെയ്തു.

ശശീന്ദ്രൻ തുടരട്ടെ, എൻ.സി.പിയിൽ മന്ത്രിമാറ്റം വേണ്ടെന്ന് സിപിഎം സംസ്ഥാന നേതൃത്വം

തിരു: എൻ.സി.പിയിലെ മന്ത്രിമാറ്റം സംബന്ധിച്ചുള്ള ചർച്ചകൾ പുരോഗമിക്കുന്നതിനിടെ, എ.കെ. ശശീന്ദ്രൻ മന്ത്രിസ്ഥാനത്ത് തുടരട്ടെയെന്ന് സിപിഎം തീരുമാനം. പാർട്ടി സംസ്ഥാന നേതൃത്വത്തിന്റെ നിലപാട് സി.പി.എം ജനറൽ സെക്രട്ടറിയുടെ ചുമതലയുള്ള ദേശീയ കോ ഓർഡിനേറ്റർ പ്രകാശ് കാരാട്ടിനെ അറിയിച്ചു.

ഇപ്പോൾ ശശീന്ദ്രനെ മാറ്റിയാൽ, അദ്ദേഹം മുൻപ് ഉന്നയിച്ചതുപോലെ എംഎൽഎ സ്ഥാനം ഉൾപ്പടെ രാജിവെക്കുന്നതിലേക്ക് കാര്യങ്ങളെത്തിയേക്കാമെന്നും അത് മുന്നണിയേയും സർക്കാരിനേയും ബാധിക്കുമെന്നുമുള്ള വിലയിരുത്തലിലാണ് സിപിഎം എത്തിയത്. ഒന്നര വർഷം മാത്രമേ അടുത്ത നിയമസഭാ തിരഞ്ഞെടുപ്പിന് ഇനി ബാക്കിയുള്ളൂ. അതിന് മുൻപ് തദ്ദേശ തിരഞ്ഞെടുപ്പ് വരുന്നുണ്ട്. ഇതെല്ലാം മുന്നിൽ കണ്ടാണ് സിപിഎം ഇക്കാര്യത്തിൽ മുൻകൈ എടുത്തിരിക്കുന്നത്.

ഉപതിരഞ്ഞെടുപ്പിന് ശേഷം മന്ത്രിമാറ്റമുണ്ടാകുമെന്ന സൂചനകൾ ഉണ്ടായിരുന്നെങ്കിലും അതുസംബന്ധിച്ച് ഒരു തീരുമാനം മുഖ്യമന്ത്രി പിണറായി വിജയന്റെ ഭാഗത്ത് നിന്നും ഉണ്ടായിരുന്നില്ല. പാർട്ടിയുടെ മന്ത്രിയെ മാറ്റണമെന്ന് പാർട്ടി നേതൃത്വം ആവശ്യപ്പെട്ടിട്ട് പോലും മുഖ്യമന്ത്രി അതിന് തയാറാകാത്ത സാഹചര്യത്തിൽ പാർട്ടിയുടെ അസ്തിത്വം നഷ്ടപ്പെടുത്തിക്കൊണ്ട് എന്തിനാണ് മുന്നോട്ട് പോകുന്നതെന്ന വിമർശനം എൻസിപി നേതൃയോഗത്തിൽ ഉയർന്നിരുന്നു.

ചൊവ്വാഴ്ച രാത്രി എൻ.സി.പി. അധ്യക്ഷൻ ശരദ് പവാറിന്റെ വസതിയിലെത്തി തോമസ് കെ. തോമസും പി.സി. ചാക്കോയും പ്രകാശ് കാരാട്ടും കൂടിക്കാഴ്ച നടത്തിയിരുന്നു. മന്ത്രിമാറ്റം സംബന്ധിച്ച കാര്യങ്ങളായിരുന്നു അനൗദ്യോഗികചർച്ചയിലുണ്ടായിരുന്നത്. മന്ത്രിമാറ്റത്തിന് ശശീന്ദ്രൻ വഴങ്ങാത്തതിൽ സംസ്ഥാനനേതൃത്വത്തിനുള്ള അതൃപ്തി പവാറിനെ ധരിപ്പിച്ചു എന്നാണ് വിവരം.

മന്ത്രിമാറ്റം സംബന്ധിച്ച് ചർച്ചയിൽ കൂടുതൽ സംസാരം നടന്നില്ലെന്നാണ് കൂടിക്കാഴ്ചയ്ക്കുശേഷം തോമസ് കെ. തോമസിന്റെ മാധ്യമങ്ങളോട് പ്രതികരിച്ചത്. ഇന്നലെ വീണ്ടും ചർച്ചയ്ക്ക് ശ്രമം നടത്തിയെങ്കിലും ക്ഷണം ലഭിക്കാത്തതിനെ തുടർന്ന് തോമസ് കെ. തോമസ് പുലർച്ചെ തന്നെ നാട്ടിലേക്ക് മടങ്ങിയിരുന്നു.

അതേസമയം, മന്ത്രിസ്ഥാനം രാജിവെക്കില്ലെന്ന് എ.കെ. ശശീന്ദ്രൻ കഴിഞ്ഞദിവസം പരോക്ഷമായി പറഞ്ഞിരുന്നു. തോമസ് കെ.തോമസ് എംഎൽഎ മന്ത്രിയാകാൻ സാധ്യതയില്ലെങ്കിൽ താനെന്തിന് രാജിവെക്കണമെന്നായിരുന്നു ശശീന്ദ്രന്റെ ചോദ്യം. രാജിവെച്ചാൽ മുഖ്യമന്ത്രിയുടെ നിലപാടിനെ എതിർക്കുന്നതുപോലെയാകുമെന്നും അദ്ദേഹം മാധ്യമങ്ങളോട് വ്യക്തമാക്കിയിരുന്നു.

കാഞ്ഞിരപ്പള്ളി ഇരട്ട കൊലപാതകം: പ്രതി കുറ്റക്കാരനെന്ന് കോടതി

കോട്ടയം: സ്വത്ത് തർക്കത്തിന്റെ പേരിൽ കാഞ്ഞിരപ്പള്ളിയിൽ സഹോദരനെയും മാതൃസഹോദരനെയും വെടിവെച്ചുകൊന്ന കേസിൽ പ്രതി ജോർജ് കുര്യൻ കുറ്റക്കാരനാണെന്ന് കോട്ടയം സെഷൻസ് കോടതി. ശിക്ഷ നാളെ വിധിക്കും.

ഇളയസഹോദരൻ രഞ്ജു കുര്യനെയും മാതൃസഹോദരൻ മാത്യു സ്കറിയയെയും കാഞ്ഞിരപ്പള്ളിയിലെ കുടുംബവീട്ടിൽ വെച്ച ജോർജ് കുര്യൻ വെടിവെച്ച് കൊലപ്പെടുത്തിയെന്നായിരുന്നു കേസ്.

2022 മാർച്ച് 7നായിരുന്നു സംഭവം. നെഞ്ചിലും പുറകിലും വെടിയേറ്റ് രഞ്ജു കുര്യൻ തത്സമയവും തലക്കും നെഞ്ചിനും വെടിയേറ്റ മാത്യു സ്കറിയ ആശുപത്രിയിൽ ചികിത്സയിലിരിക്കെയുമാണ് മരിച്ചത്.

സംഭവസമയം വീട്ടിലുണ്ടായിരുന്ന രഞ്ജുകുര്യന്റെയും ജോർജ് കുര്യന്റെയും മാതാപിതാക്കടക്കം 138 സാക്ഷികളെയും 96 രേഖകളും പ്രോസിക്യൂഷൻ കോടതിയിൽ ഹാജരാക്കിയിരുന്നു. കാഞ്ഞിരപ്പള്ളി ഡിവൈ.എസ്.പി. എൻ. ബാബുക്കുട്ടന്റെ നേതൃത്വത്തിലുള്ള സംഘമാണ് അന്വേഷണം നടത്തിയത്.

സിനിമ സീരിയൽ താരം മീന ഗണേഷ് അന്തരിച്ചു

തൃശൂർ : പ്രശസ്ത സിനിമ സീരിയൽ താരം മീന ഗണേഷ് അന്തരിച്ചു. 81 വയസായിരുന്നു. ഇന്ന് പുലർച്ചെ ഷൊർണൂർ പി കെ ദാസ് ആശുപത്രിയിൽ വെച്ചായിരുന്നു അന്ത്യം. വാർധക്യസഹജമായ അസുഖത്തെ തുടർന്ന് ചികിത്സയിലായിരുന്നു. വാസന്തിയും ലക്ഷ്മിയും പിന്നെ ഞാനും, നന്ദനം,മീശമാധവൻ, കരുമാടിക്കുട്ടൻ എന്നീ സിനിമകളിൽ ശ്രദ്ധേയമായ വേഷം അവതരിപ്പിച്ചു. 1976 മുതൽ സിനിമ സീരിയൽ രംഗത്ത് സജീവമായി.200-ൽ പരം സിനിമകളിലും, 25-ൽ പരം സീരിയലുകളിലും നിരവധി നാടകങ്ങളിലും അഭിനയിച്ചിട്ടുണ്ട്. തമിഴ് സിനിമകളിൽ അഭിനയിച്ചിരുന്ന നടൻ കെ. പി കേശവന്റെ മകളാണ് മീന. സ്കൂൾ പഠനകാലത്ത് കൊപ്പം ബ്രദേഴ്സ് ആർട്ട്സ് ക്ലബ്ബിലൂടെയാണ് മീന ആദ്യമായി നാടകരംഗത്തെത്തുന്നത്. തുടർന്ന് നാടകത്തിൽ സജീവമാവുകയും കോയമ്പത്തൂർ, ഈറോഡ്, സേലം എന്നിവിടങ്ങളിലെ മലയാളി സമാജങ്ങളിലടക്കം അഭിനയിക്കുകയും 1971-ൽ പ്രശസ്ത നാടകരചയിതാവും സംവിധായകനും നടനുമായ എ.എൻ ഗണേഷിനെ വിവാഹം ചെയ്യുകയും വിവാഹശേഷം മീനയും ഗണേഷും ചേർന്ന് പൗർണ്ണമി കലാമന്ദിർ എന്ന പേരിൽ ഷൊർണ്ണൂരിൽ ഒരു നാടക സമിതി തുടങ്ങുകയും ചെയ്തു.

വെള്ള ടി-ഷർട്ട് മാറ്റി രാഹുൽ, അംബേദ്കർ വഴികാട്ടിയെന്ന് ബിജെപി;

പാർലമെന്റ് വളപ്പിൽ നാടകീയ രംഗങ്ങൾ

ന്യൂഡൽഹി: ബി.ആർ. അംബേദ്കറുമായി ബന്ധപ്പെട്ട് കേന്ദ്ര ആഭ്യന്തരമന്ത്രി അമിത്ഷാ നടത്തിയ വിവാദ പരാമർശത്തിൽ ചർച്ച ചെയ്യുന്നതിനായി ലോക്സഭയിൽ അടിയന്തര പ്രമേയ നോട്ടീസ് നൽകി കോൺഗ്രസ്. മണിക്കം ടാഗോർ എം.പി.യാണ് നോട്ടീസ് നൽകിയത്. അമിത്ഷാ മാപ്പുപറഞ്ഞ് മന്ത്രിസ്ഥാനം രാജിവെയ്ക്കണമെന്നാണ് നോട്ടീസിലെ ആവശ്യം. വിഷയത്തിൽ കോൺഗ്രസും ബി.ജെ.പി.യും വലിയ രാഷ്ട്രീയ വാഗ്വാദങ്ങളോടെ മുന്നേറുകയാണ്.

ഇന്ത്യാ മുന്നണി എം.പി.മാർ അമിത് ഷാ മാപ്പുപറഞ്ഞ് രാജിവയ്ക്കണമെന്ന് ആവശ്യപ്പെട്ടുള്ള പ്ലക്കാർഡുകളുമുയർത്തി. പാർലമെന്റിന്റെ പ്രധാന ഗെയ്റ്റായ മകർ ദ്വാറിന്റെ മതിലുകളിൽ കയറിയായിരുന്നു പ്രതിഷേധം. രാഹുൽ ഗാന്ധിയുടെ നേതൃത്വത്തിൽ പാർലമെന്റിലെ അംബേദ്കർ പ്രതിമയ്ക്ക് മുന്നിൽ പ്രതിപക്ഷ എം.പി.മാർ പ്രതിഷേധം നടത്തി. തുടർന്ന് മാർച്ചുചെയ്താണ് പാർലമെന്റ് കവാടത്തിന് മുന്നിലെത്തിയത്. ദളിതരെ പ്രതിനിധാനം ചെയ്ത് രാഹുൽ ഗാന്ധിയും പ്രിയങ്ക ഗാന്ധിയും നീല വസ്ത്രങ്ങളണിഞ്ഞാണ് എത്തിയത്.

അതേസമയം കോൺഗ്രസ് പൊതുജനങ്ങളെ തെറ്റിദ്ധരിപ്പിക്കുന്നുവെന്ന് ആരോപിച്ച് ബി.ജെ.പി. എം.പി.മാർ പാർലമെന്റ് വളപ്പിൽ പ്രതിഷേധപ്രകടനം നടത്തി. അമിത് ഷാ രാജിവയ്ക്കണമെന്നാണ് കോൺഗ്രസിന്റെ ആവശ്യം. 'അംബേദ്കറെ അപമാനിക്കുന്നത് വെച്ചുപൊറുപ്പിക്കില്ല, അംബേദ്കർ ഞങ്ങൾക്ക് വഴികാണിച്ചുതന്നു, കോൺഗ്രസ് തെറ്റിദ്ധരിപ്പിച്ചു' എന്നെല്ലാമാണ് ബി.ജെ.പി. എം.പി.മാർ ഉയർത്തിയ ബാനറുകളിലെ മുദ്രാവാക്യം. അംബേദ്കറെ അപമാനിച്ചത് കോൺഗ്രസാണ് എന്നാണ് ഭരണപക്ഷ എം.പി.മാരുടെ ആരോപണം.

എം.ആർ അജിത്കുമാറിനെ ഡി.ജി.പിയാക്കുന്നത് ഉദ്ദിഷ്ട കാര്യത്തിനുള്ള ഉപകാരസ്മരണ: വി.ഡി സതീശൻ

തിരു: എ.ഡി.ജി.പി എം.ആർ. അജിത്കുമാറിന് ഡി.ജി.പിയായി സ്ഥാനക്കയറ്റം നൽകാനുള്ള തീരുമാനത്തെ വിമർശിച്ച് പ്രതിപക്ഷ നേതാവ് വി.ഡി.സതീശൻ. ഗുരുതര ആരോപണങ്ങളും അതിൻമേൽ അന്വേഷണവും നേരിടുന്ന എ.ഡി.ജി.പി എം. ആർ. അജിത്കുമാറിന് ഡി.ജി.പിയായി സ്ഥാനക്കയറ്റം നൽകാനുള്ള തീരുമാനം ഉദ്ദിഷ്ട കാര്യത്തിനുള്ള മുഖ്യമന്ത്രിയുടെ ഉപകാരസ്മരണയാണെന്ന് പ്രതിപക്ഷ നേതാവ് പറഞ്ഞു. മുഖ്യമന്ത്രിയുടെ ഓഫീസിലെ ഉപജാപകസംഘമാണ് ഇപ്പോഴും കാര്യങ്ങൾ തീരുമാനിക്കുന്നതെന്നും വ്യക്തമായെന്ന് വി.ഡി.സതീശൻ ആരോപിക്കുന്നു.

അനധികൃത സ്വത്തു സമ്പാദനത്തിലുള്ള വിജിലൻസ് അന്വേഷണത്തിനു പുറമെ തൃശൂർ പൂരം കലക്കൽ, ആർ.എസ്.എസ് നേതാക്കളുമായുള്ള കൂടിക്കാഴ്ച എന്നിവയിലും അന്വേഷണം നേരിടുന്ന ഉദ്യോഗസ്ഥന് എല്ലാ ചട്ടങ്ങളും ലംഘിച്ചാണ് സ്ഥാനക്കയറ്റം നൽകിയത്. ക്രമസമാധാന ചുമതലയിൽ തുടരവെ ഗുരുതര ആരോപണങ്ങൾ ഉയർന്നിട്ടും സർവീസിൽ നിന്നും സസ്പെൻഡ് ചെയ്യാതെ അന്വേഷണം പ്രഖ്യാപിച്ചത് സ്ഥാനക്കയറ്റം നൽകുന്നതിനു വേണ്ടിയുള്ള മുഖ്യമന്ത്രിയുടെ കൗശലമായിരുന്നുവെന്ന് ഇപ്പോൾ വ്യക്തമായിരിക്കുകയാണ്.

സ്ഥാനക്കയറ്റം നൽകാനുള്ള തീരുമാനത്തിനെതിരെ മന്ത്രിമാരുടെ ഭാഗത്ത് നിന്നും എതിർപ്പുള്ളപ്പോഴും മുഖ്യമന്ത്രി പിണറായി വിജയനാണ് അജിത് കുമാറിന് രക്ഷാകവചം ഒരുക്കിയത്. പിണറായി വിജയന്റെ ദൂതനായാണ് ആർ.എസ്.എസ് നേതാക്കളുമായുള്ള അജിത് കുമാറിന്റെ കൂടിക്കാഴ്ചയെന്ന പ്രതിപക്ഷ ആരോപണം ശരിവയ്ക്കുന്നതാണ് മുഖ്യമന്ത്രിയുടെ ഇടപെടൽ.

അജിത് കുമാർ എ.ഡി.ജി.പി പദവിയിലിരുന്ന് ചെയ്ത നിയമവിരുദ്ധ പ്രവർത്തനങ്ങളെല്ലാം പിണറായി വിജയനു വേണ്ടിയായിരുന്നു എന്നത് അടിവരയിടുന്നതു കൂടിയാണ് ഡി.ജി.പി സ്ഥാനമെന്നും പ്രതിപക്ഷ നേതാവ് ആരോപിച്ചു.

വെണ്ണലയിൽ അമ്മയുടെ മൃതദേഹം രഹസ്യമായി വീട്ടുമുറ്റത്ത് കുഴിച്ചിടാൻ ശ്രമം; ദുരൂഹത, യുവാവ് കസ്റ്റഡിയിൽ

കൊച്ചി: എറണാകുളം വെണ്ണലയിൽ സ്ത്രീയുടെ മൃതദേഹം വീട്ടുമുറ്റത്ത് കുഴിച്ചിടാൻ ശ്രമിച്ച മകൻ പിടിയിൽ. വെണ്ണല സ്വദേശിനി അല്ലി(72)യാണ് മരിച്ചത്. മകൻ പ്രദീപിനെ പോലീസ് കസ്റ്റഡിയിലെടുത്തു. മൃതദേഹം വീട്ടുമുറ്റത്ത് കുഴിച്ചിടാൻ ശ്രമിക്കുന്നതുകണ്ട നാട്ടുകാർ വിവരം പോലീസിൽ അറിയിക്കുകയായിരുന്നു.

ഇന്ന് പുലർച്ചെ നാലുമണിയോടെയാണ് സംഭവം നാട്ടുകാർ കാണുന്നത്. 'യുവാവ് സ്ഥിരം മദ്യപാനിയാണ്. കുഴിയെടുക്കുന്നത് കണ്ടപ്പോഴാണ് സംഭവം അറിഞ്ഞത്. ഇന്നലെ പ്രദീപ് അമ്മയുമായി മരുന്ന് വാങ്ങാൻ പുറത്ത് പോയിരുന്നു. ഇയാൾ സ്ഥിരം മദ്യപിച്ച് വീട്ടിൽ പ്രശ്നമുണ്ടാക്കാറുണ്ട്. ഇന്നലെ രാത്രിയും മദ്യലഹരിയിലായിരുന്നു. വീട്ടിൽ നിന്ന് ബഹളവും കേട്ടിരുന്നു.' നാട്ടുകാർ പറയുന്നു.

പ്രദീപിന് ഒരു ടയർ കടയാണുള്ളത്. എല്ലാ ദിവസവും കടതുറക്കാറില്ലെന്നും കഴിഞ്ഞ കുറച്ചു ദിവസങ്ങളായി കട അടഞ്ഞു കിടക്കുകയാണെന്നും നാട്ടുകാർ പറയുന്നു. സ്ഥിരം മദ്യപിച്ച് പ്രശ്നമുണ്ടാക്കുന്നതിനെ തുടർന്ന് ഭാര്യ ഇയാളിൽ നിന്നും പിരിഞ്ഞ് സ്വന്തം വീട്ടിലാണ് കഴിയുന്നത്. അക്രമാസക്തനാകാറുള്ളതിനാൽ നാട്ടുകാർ ആരും പ്രശ്നത്തിൽ ഇടപ്പെടാറില്ലെന്നും ബഹളം കൂടുമ്പോൾ പോലീസിൽ വിവരം അറിയിക്കുകയാണ് പതിവെന്നും നാട്ടുകാർ പറഞ്ഞു.

അമ്മ മരണപ്പെട്ടതിനെ തുടർന്ന് കുഴിച്ചിടുകയായിരുന്നു എന്നാണ് ഇയാൾ പോലീസിനെ നൽകിയ മൊഴി. പാലാരിവട്ടം പോലീസ് മേൽനടപടികൾ സ്വീകരിച്ചുവരികയാണ്.

ആന എഴുന്നള്ളിപ്പിലെ ഹൈക്കോടതി മാർഗരേഖക്ക് സുപ്രീം കോടതി സ്റ്റേ, പ്രായോഗികമാണെന്ന് തോന്നുന്നില്ലെന്ന്

ന്യൂഡൽഹി: ആന എഴുന്നള്ളിപ്പുമായി ബന്ധപ്പെട്ടുള്ള ഹൈക്കോടതി മാർഗരേഖയ്ക്ക് സുപ്രീം കോടതി സ്റ്റേ. ചട്ടങ്ങൾ പാലിച്ച് ആന എഴുന്നള്ളിപ്പ് നടത്താമെന്ന് ജസ്റ്റിസ് നാഗരാജ് അദ്ധ്യക്ഷനായ ബെഞ്ച് വ്യക്തമാക്കി. ദേവസ്വങ്ങൾക്ക് വലിയ ആശ്വാസം നൽകുന്നതാണ് സുപ്രീം കോടതിയുടെ നിരീക്ഷണം. തിരുവമ്പാടി, പാറമേക്കാവ് ദേവസ്വങ്ങളുടെ ഹർജിയിലാണ് കോടതി ഇക്കാര്യം വ്യക്തമാക്കിയത്.

250 വർഷങ്ങളായി നടക്കുന്ന ആചാരമാണ് തൃശൂർ പൂരമെന്നും, എല്ലാ നിയമങ്ങളും അനുസരിച്ചാണ് തൃശൂർ പൂരം അടക്കമുള്ളവ സംഘടിപ്പിക്കുന്നതെന്ന് ദേവസ്വം കമ്മിറ്റികൾക്കുവേണ്ടി ഹാജരായ മുതിർന്ന അഭിഭാഷകൻ കപിൽ സിബൽ വാദിച്ചു. മറ്റുള്ള പരാതികൾക്കൊന്നും തൃശൂർ പൂരം അടക്കമുള്ളവ ഇടയാക്കിയിട്ടില്ല. അത്തരൊരു സാഹചര്യത്തിൽ ഹൈക്കോടതി ഉത്തരവ് അപ്രായോഗികമാണെന്ന് സിബൽ കോടതിയെ ധരിപ്പിച്ചു. മാത്രമല്ല, യുനെസ്കോയുടെ പട്ടികയിലുള്ള വലിയൊരു ആചാരപരമായ ചടങ്ങാണ് പൂരത്തിന്റേതെന്നും പ്രധാനമായും കപിൽ സിബൽ വാദത്തിൽ വ്യക്തമാക്കി. തുടർന്ന് ഹൈക്കോടതി ഉത്തരവ് പ്രായോഗികമല്ലെന്ന് തോന്നുവെന്ന് ജസ്റ്റിസ് നാഗരാജ് പ്രതികരിച്ചു. ആന ഉടമകൾക്കും, സംസ്ഥാന സർക്കാരിനും ഇതുമായി ബന്ധപ്പെട്ട് സുപ്രീം കോടതി നോട്ടീസ് അയച്ചിട്ടുണ്ട്.

മൃഗസംരക്ഷണ സ്നേഹികളുടെ സംഘടന തടസഹർജിയുമായി കോടതിയിൽ എത്തിയിരുന്നു. ആനകളുടെ എഴുന്നള്ളിപ്പ് നിയമങ്ങൾ പാലിക്കാതെയാണെന്നും, പലയിടങ്ങളിലും ആനകൾ വിരണ്ടോടിയ സംഭവങ്ങൾ റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്നും, ജീവനടക്കം ഭീഷണിയുണ്ടാകുന്ന സാഹചര്യമാണെന്നുമാണ് മൃഗസംരക്ഷണ സ്നേഹികളുടെ സംഘടന വാദിച്ചത്.

എന്നാൽ എല്ലാ നിയമങ്ങളും അനുസരിച്ചാണ് പൂരങ്ങൾ നടത്തുന്നതെന്നും, എന്തെങ്കിലും വീഴ്ചയുണ്ടായിൽ ഉത്തരവാദിത്തം ദേവസ്വങ്ങൾക്കായിരിക്കുമെന്നും കപിൽ സിബൽ വാദിച്ചു.

ആചാരവും മൃഗങ്ങളുടെ സംരക്ഷണവും ഒരുമിച്ചു കൊണ്ടുപോവുക എന്നതാണ് കോടതി ഉദ്ദേശിക്കുന്നതെന്ന് ജസ്റ്റിസ് നാഗരത്ന നിരീക്ഷണമായി പറഞ്ഞു. ശൂന്യതയിൽ നിന്ന് ഉത്തരവിറക്കാൻ കഴിയില്ലെന്നും, ഹൈക്കോടതി ഉത്തരവ് പ്രായോഗികമാണെന്ന് തോന്നുന്നില്ലെന്നും സുപ്രീം കോടതി വ്യക്തമാക്കി. തുടർന്നാണ് കക്ഷികൾക്ക് നോട്ടീസ് അയച്ചത്.

ക്ഷേമപെൻഷൻ തട്ടിപ്പ്: മൃഗസംരക്ഷണ വകുപ്പിലും നടപടി, മൃഗഡോക്ടറടക്കം 74 പേർ പട്ടികയിൽ

തിരു : അനധികൃതമായി സാമൂഹികക്ഷേമ പെൻഷൻ കൈപ്പറ്റിയ കൂടുതൽ സർക്കാർ ജീവനക്കാർക്കെതിരേ നടപടി. ക്ഷേമപെൻഷൻ തട്ടിയവർക്കെതിരേ മൃഗസംരക്ഷണ വകുപ്പ്നടപടി തുടങ്ങി. തട്ടിപ്പ് പരിശോധിക്കാൻ മൃഗസംരക്ഷണ വകുപ്പ് അണ്ടർ സെക്രട്ടറിയെ നോഡൽ ഓഫീസറായി ചുമതലപ്പെടുത്തി. ഇത് സംബന്ധിച്ച് ഒരാഴ്ചയ്ക്കകം മന്ത്രിക്ക് റിപ്പോർട്ട് നൽകും.

മൃഗസംരക്ഷണ വകുപ്പിലെ ഒരു മൃഗഡോക്ടറടക്കം 72 പേരുടെ പട്ടികയാണ് ധനവകുപ്പ് നൽകിയിരിക്കുന്നത്. ഇതിലധികവും പാർട്ട് ടൈം സ്വീപ്പർമാരാണ്. ഇക്കാര്യം പരിശോധിക്കാൻ മൃഗസംരക്ഷണ വകുപ്പ് അണ്ടർ സെക്രട്ടറിയെ നോഡൽ ഓഫീസറായി ചുമതലപ്പെടുത്തി. 72 പേർക്കും പറയാനുള്ളത് കേട്ടതിന് ശേഷമായിരിക്കും നടപടി. തദ്ദേശസ്ഥാപനങ്ങളിൽനിന്ന് വിവരങ്ങൾ ശേഖരിക്കും.

എട്ട് ജില്ലകളിലെ ജീവനക്കാർക്കെതിരേയാണ് നടപടിക്ക് ശുപാർശ ചെയ്തിരിക്കുന്നത്. തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, കോട്ടയം, ഇടുക്കി, എറണാകുളം, മലപ്പുറം, കോഴിക്കോട് ജില്ലകളിലെ 72 ജീവനക്കാരാണ് പണം അനധികൃതമായി കൈപ്പറ്റിയിരിക്കുന്നത്. ഈ ഉദ്യോഗസ്ഥർക്കെതിരേ നടപടി സ്വീകരിക്കാനാണ് തീരുമാനിച്ചിരിക്കുന്നത്. 18 ശതമാനം പലിശയോടെ പണം തിരിച്ചുപിടിക്കുന്നതിന് പുറമേ അച്ചടക്ക നടപടിയും സ്വീകരിച്ചേക്കും.

72 പേരാണ് മൃഗസംരക്ഷണ വകുപ്പിൽ പെൻഷൻ കൈപ്പറ്റിയിരിക്കുന്നതെന്ന് മൃഗസംരക്ഷണ വകുപ്പ് മന്ത്രി ജെ.ചിഞ്ചുറാണി പറഞ്ഞു. നാല് പേര് ഡയറി വകുപ്പിലെ ആളുകളാണ്. 90 ശതമാനം ആളുകളും സ്വീപ്പർ ഉൾപ്പെടെയുള്ള തസ്തികളിൽ ജോലി ചെയ്യുന്നവരാണ്. അപൂർവമായി ഉദ്യോഗസ്ഥർ കൈപ്പറ്റിയിട്ടുള്ളു. വിശദമായ അന്വേഷണം വകുപ്പ് നടത്തും. അവർക്ക് നോട്ടീസ് നൽകി പറയാനുള്ളത് കേട്ട ശേഷമേ അച്ചടക്ക നടപടിയേക്ക് പോകൂയെന്നും മന്ത്രി പറഞ്ഞു.

റെക്കോഡ് തകർച്ച: ഡോളറിനെതിരെ രൂപയുടെ മൂല്യം 85.06 നിലവാരത്തിലെത്തി

മുംബൈ: യുഎസ് കേന്ദ്ര ബാങ്കായ ഫെഡ് അടുത്ത വർഷം നിരക്ക് കുറയ്ക്കിലന്റെ വേഗംകുറച്ചേക്കുമെന്ന സൂചന ഡോളർ നേട്ടമാക്കി. ഇന്ത്യൻ രൂപ ഉൾപ്പടെയുള്ള കറൻസികൾ ഡോളറിനെതിരെ ചരിത്രത്തിലെ ഏറ്റവും താഴ്ന്ന നിലവാരത്തിലെത്തി. ഡോളറിനെതിരെ രൂപയുടെ മൂല്യം ഇതാദ്യമായി 85.06 നിലവാരത്തിലേയ്ക്ക് പതിച്ചു.

ദിനംപ്രതിയെന്നോണം രൂപയുടെ മൂല്യമിടിയുന്ന സാഹചര്യമാണ് വിപണിയിൽ പ്രകടമാകുന്നത്. ഇന്നലെ 84.94 നിലവാരത്തിലേയ്ക്കെത്തിയിരുന്നു. യുഎസ് കേന്ദ്ര ബാങ്കിന്റെ പരുക്കൻ വീക്ഷണം മറ്റ് ഏഷ്യൻ കറൻസികൾക്കും തിരിച്ചടിയായി. കൊറിയൻ വോൺ, മലേഷ്യൻ റിംഗിറ്റ്, ഇന്തോനേഷ്യൻ റുപ്പി എന്നിവ 0.8% മുതൽ 1.2 %വരെ ഇടിവ് നേരിട്ടു.

ഡോളർ സൂചിക 108.03 നിലവാരത്തിലെത്തിയതോടൊപ്പം പത്ത് വർഷത്തെ യുഎസ് ട്രഷറി ആദായം 4.50 ശതമാനം കടക്കുകയും ചെയ്തു.

യുഎസ് ഫെഡിന്റെ ബുധനാഴ്ച നടന്ന ഈ വർഷത്തെ അവസാനത്തെ യോഗത്തിൽ നിരക്കിൽ കാൽ ശതമാനം കുറവാണ് പ്രഖ്യാപിച്ചത്. പണപ്പെരുപ്പം ലക്ഷ്യ നിരക്കായ രണ്ട് ശതമാനത്തിലേയ്ക്കെത്താൻ ഒന്നോ രണ്ടോ വർഷമെടുത്തേക്കാമെന്നായിരുന്നു ഫെഡിന്റെ നിരീക്ഷണം. 2025ലും 2026ലും 0.50 ശതമാനം വീതം നിരക്ക് കുറച്ചേക്കുമെന്നാണ് വിപണിയിലെ വിലയിരുത്തൽ.

ജൂലായ്-സെപ്റ്റംബർ പാദത്തിൽ രാജ്യത്തെ സാമ്പത്തിക വളർച്ച 7പാദത്തിലെ ഏറ്റവും താഴ്ന്ന നിലയിലെത്തിയതും വ്യാപാര കമ്മി വർധിച്ചതും മൂലധന വരവ് മന്ദഗതിയിലായതും രൂപയെ സമ്മർദത്തിലാക്കിയിട്ടുണ്ട്.

ആകാശവാണി തൃശൂർ സ്റ്റേഷൻ ഡയറക്ടർ എം. ബാലകൃഷ്ണൻ അന്തരിച്ചു



തൃശൂർ: ആകാശവാണി തൃശൂർ സ്റ്റേഷൻ ഡയറക്ടർ എം. ബാലകൃഷ്ണൻ (58) അന്തരിച്ചു. രാത്രി ഹൃദയാഘാതത്തെ തുടർന്നാണ് അന്ത്യം ഉണ്ടായത്. മുൻ പബ്ലിക്ക് റിലേഷൻസ് വകുപ്പ് ഡെപൂട്ടി ഡയറക്ടർ സുലഭയാണ് ഭാര്യ.

ഒറ്റപ്പാലം കണ്ണിയംപുറത്ത് ജെ കെ നഗറിൽ തെക്കും പുറത്തെ വീട്ടിൽ പരേതനായ രാമകുമാറിന്റേയും സ്വർണ്ണകുമാരിയുടേയും മകനാണ്. സഹോദരൻ ശശികുമാർ (അസി. ഡയറക്ടർ, NSO, കോയമ്പത്തൂർ). സംസ്കാരം ഇന്ന് ഉച്ചക്ക് 12 മണിക്ക് ഐവർ മഠത്തിൽ നടന്നു.

നിരവധി പേർ അന്ത്യാഞ്ജലി അർപ്പിച്ചു. തൃശൂർ സാംസ്കാരിക അക്കാദമിക്കു വേണ്ടി രാജൻ എലവത്തൂർ അനുശോചിച്ചു.

ബ്രാഞ്ച് സെക്രട്ടറിയടക്കം വി

RNI No. 7675/1964, Edited, Printed & Published by A. Mohammed at Kairaly Printers for Chethana Printers, Thrissur-4

ഗുരുവായൂരിലെ വ്യാപാരികൾക്കാശ്വാസമേകി താലൂക്ക് ലീഗൽ സർവീസസ് കമ്മിറ്റി

ചാവക്കാട് : ക്രിമിനലുകളുടെയും സാമൂഹിക വിരുദ്ധരുടെയും അഴിഞ്ഞാട്ടത്തിൽ തങ്ങൾക്ക് കച്ചവടം ചെയ്യാൻ സാധിക്കുന്നില്ലെന്നും തങ്ങളുടെ ജീവിതം തന്നെ ദുസ്സഹമായി എന്നുമാരോപിച്ച് ഗുരുവായൂരിലെ വ്യാപാരികളും ചാവക്കാട് താലൂക്ക് ലീഗൽ സർവീസ് കമ്മിറ്റി മുൻപാകെ ഫയലാക്കിയ ഹർജിയിൻ മേൽ ലോക് അദാലത്തിൽ സുപ്രധാന തീർപ്പ്. ഇതേ തുടർന്ന് കാലങ്ങളായി നിലനിൽക്കുന്ന വ്യാപാരികളുടെയും കുടുംബങ്ങളുടെയും പ്രശ്നങ്ങൾക്ക് വലിയൊരളവിൽ അറുതിയാവും.

ഗുരുവായൂർ റെയിൽവേ മേൽപ്പാലത്തിന് കീഴെ സാമൂഹികവിരുദ്ധരുടെയും ക്രിമിനലുകളുടെയും വിളയാട്ടത്താൽ പൊറുതി മുട്ടിയ വ്യാപാരികൾ ഷോപ്സ് ആൻഡ് എസ്റ്റാബ്ലിഷ്മെന്റ് വർക്കേഴ്സ് വെൽഫയർ അസോസിയേഷൻ പ്രസിഡന്റ് അജുഎം. ജോണി, സെക്രട്ടറി ഇ. ആർ. ഗോപിനാഥൻ, പി. വി.ഗിരീഷ്, ജയഘോഷ്. കെ.ബി എന്നിവരുടെ നേതൃത്വത്തിൽ അഭിഭാഷകരായ സുജിത് അയിനിപ്പുള്ളി, മാളവിക ഷാൽജി, ആയിഷ ലിയാന എന്നിവർ മുഖാന്തിരം ഫയലാക്കിയ ഹർജിയിൽ ഗുരുവായൂർ അസിസ്റ്റന്റ് കമ്മിഷണർ ഓഫ് പോലീസ്, ഗുരുവായൂർ മുനിസിപ്പൽ സെക്രട്ടറി, ഹെൽത്ത് ഇൻസ്പെക്ടർ എന്നിവരോട് കമ്മിറ്റി മുൻപാകെ ഹാജരാകുവാൻ നിർദ്ദേശിച്ചിരുന്നു. കമ്മിറ്റി മുൻപാകെ ഹാജരായ ഇരുകൂട്ടരോടും കമ്മിറ്റി ചെയർമാൻ അന്യാസ് തയ്യിൽ (സ്പെഷ്യൽ ഫാസ്റ്റ് ട്രാക്ക് ജഡ്ജ് ചാവക്കാട്), കമ്മിറ്റി അംഗം സി. സുഭാഷ്കുമാർ എന്നിവരുടെ നേതൃത്വത്തിൽ ഇരുകൂട്ടരുമായും നടത്തിയ ക്രിയാത്മക ഇടപെടൽ മൂലം ഗുരുവായൂർ റെയിൽവേ മേൽപ്പാലത്തിനടിയിലുള്ള സ്ഥലം മുൻസിപ്പാലിറ്റിയുടെ നേതൃത്വത്തിൽ ആവശ്യക്കാർക്ക് വാടകക്ക് നൽകുന്നതിനു വേണ്ട നടപടികൾ സത്വരമായി സ്വീകരിക്കുന്നതിനും, സ്ഥലത്ത് അനധികൃത പ്രവേശനം തടയുന്നതിനാവശ്യമായ ക്രിയാത്മക ഇടപെടലുകൾ ഗുരുവായൂർ പോലീസിന്റെ നേതൃത്വത്തിൽ നടത്തുവാനും സ്ഥിരമായി ഫോഗിംഗ്, ക്ലോറിനേഷൻ എന്നിവ ആരോഗ്യ വകുപ്പിന്റെ നേതൃത്വത്തിൽ നടത്തുവാനും തീരുമാനിക്കപ്പെട്ടു. ചാവക്കാട് താലൂക്ക് ലീഗൽ സർവീസ് കമ്മിറ്റിയുടെ ഇത്തരമൊരു തീരുമാനം തങ്ങളുടെ ജീവിതത്തിൽ ഒരു പുതിയൊരധ്യായം എഴുതി ചേർക്കുമെന്ന് പ്രതീക്ഷിക്കുന്നതായി വ്യാപാരികൾ പറഞ്ഞു.

തൃശൂർ ഹൈലൈറ്റ് മാളിലെ ലുലു ഡെയ്‌ലിയുടെ ഉദ്ഘാടനം ലുലു ഗ്രൂപ്പ് എക്സിക്യൂട്ടീവ് ഡയറക്ടർ അഷറഫ് അലി എം.എ നിർവ്വഹിക്കുന്നു. ഹൈലൈറ്റ് ഗ്രൂപ്പ് ചെയർമാൻ പി സുലൈമാൻ, ലുലു ഗ്രൂപ്പ് ഇന്ത്യ സിഇഒ ആൻഡ് ഡയറക്ടർ എം.എ നിഷാദ്, ലുലു ഗ്രൂപ്പ് ഡയറക്ടർ ഫഹാസ് അഷറഫ്, സിഒഒ രജിത്ത് രാധാകൃഷ്ണൻ, ലുലു ഇന്ത്യ മാൾസ് ഡയറക്ടർ ഷിബു ഫിലിപ്പ്സ്, സിഎഫ്ഒ കെ. സതീഷ്, റീജിയണൽ ഡയറക്ടർ സാദിഖ് കാസിം, ബയിങ്ങ് ഹെഡ് ദാസ് ദാമോദരൻ, ഹൈപ്പർമാർക്കറ്റ് ജനറൽ മാനേജർ സുധീഷ് നായർ, തൃശൂർ ലുലു ഡെയ്‌ലി ജനറൽ മാനേജർ രാധാകൃഷ്ണൻ എന്നിവർ സമീപം.

ലുലു ഇനി പുരങ്ങളുടെ നാട്ടിലും; ലുലു ഡെയ്‌ലി തൃശൂർ ഹൈലൈറ്റ് മാളിൽ തുറന്നു

തൃശൂർ: കേരളത്തിന്റെ സാംസ്കാരിക നഗരമായ തൃശൂരിലേക്കും സാന്നിദ്ധ്യം വിപുലീകരിച്ച് ലുലു ഗ്രൂപ്പ്. ഹൈലൈറ്റ് മാളിൽ പുതിയ ലുലു ഡെയ്‌ലി തുറന്നു. 52,000 സ്ക്വയർ ഫീറ്റിലുള്ള ലുലു ഡെയ്‌ലിയിൽ ദൈനംദിന ഉത്പന്നങ്ങളുടെ വൈവിധ്യമാർന്ന ശേഖരമാണ് ഒരുക്കിയിരിക്കുന്നത്. ലുലു ഗ്രൂപ്പ് എക്സിക്യൂട്ടീവ് ഡയറക്ടർ എം.എ അഷറഫ് അലി ഉദ്ഘാടനം ചെയ്തു. ഹൈലൈറ്റ് ഗ്രൂപ്പ് ചെയർമാൻ പി സുലൈമാൻ ചടങ്ങിൽ മുഖ്യാതിഥിയായി.

തൃശൂർ നഗരത്തിന്റെ വാണിജ്യവികസനത്തിന് കരുത്ത് പകരുന്നതാണ് ലുലുവിന്റെ സാന്നിദ്ധ്യം. കൂടുതൽ വിപുലമായ പദ്ധതികൾ കേരളത്തിൽ വിവിധയിടങ്ങളിലായി നടപ്പാക്കുന്നു. കൊല്ലത്തെ കൊട്ടിയം ലുലു നാളെ തുറക്കും. മികച്ച ഉത്പന്നങ്ങൾ തൃശൂരിലെ ഉപഭോക്താകൾക്കും ഉറപ്പാക്കുകയാണ് ലുലുവിന്റെ ദൗത്യം. നേരിട്ടും അല്ലാതെയും ആയിരത്തിലേറെ പേർക്ക് തൊഴിൽ ലഭിക്കും- ലുലു ഗ്രൂപ്പ് എക്സിക്യൂട്ടീവ് ഡയറക്ടർ എം.എ അഷറഫ് അലി പറഞ്ഞു.

അര ലക്ഷത്തിലധികം ഉത്പന്നങ്ങളുടെ വിപുലമായ ശേഖരമാണ് ലുലു ഡെയ്‌ലിയിൽ ഒരുക്കിയിട്ടുള്ളത്. ദൈനംദിന ഉത്പന്നങ്ങളുടെ വ്യത്യസ്ഥമായ ശ്രേണി, കാർഷിക മേഖലയിൽ നിന്ന് നേരിട്ട് സംഭരിച്ച പച്ചക്കറി, പഴം, പാൽ ഉൽപ്പന്നങ്ങൾ, ഇറച്ചി, മീൻ സ്റ്റാളുകൾ എന്നിവയും ഗ്രോസറി, ബേക്കറി സെക്ഷനുകൾ അടക്കം പ്രത്യേകം സജ്ജീകരിച്ചിരിട്ടുണ്ട്. ഇറക്കുമതി ചെയ്ത വിദേശഉൽപ്പന്നങ്ങളുടെ വ്യത്യസ്ഥ ശ്രംഖലയും ലുലു ഡെയ്‌ലിയിലുണ്ട്. വീട് - ഓഫീസ് ആവശ്യങ്ങൾക്കുള്ള മുഴുവൻ സ്റ്റേഷനറി സാധനങ്ങളും ഒരേ കുടക്കീഴിൽ അണിനിരത്തിയാണ് ലുലു ഡെയ്‌ലി ഉപഭോക്താക്കൾക്കായി ഒരുങ്ങിയിരിക്കുന്നത്.

ചൂടോടെ രുചികരമായ ഭക്ഷണം ലഭ്യമാകുന്ന പ്രത്യേകമായുള്ള വെജിറ്റേറിയൻ, നോൺ വെജിറ്റേറിയൻ അടുക്കളയും, റെഡി ടു ഈറ്റ് സ്റ്റാളുകളും സജ്ജീകരിച്ചിട്ടുണ്ട്. ഭക്ഷണപിയർക്ക് ആവേശമാകാൻ ലൈവ് കിച്ചൺ കൗണ്ടറുകളും, 'ദി ഈറ്ററി' ഡൈനിങ് ഏരിയയും ഒരുക്കിയിട്ടുണ്ട്.ഉപഭോക്താകൾക്ക് ലൈവ് കിച്ചണിൽ നിന്ന് ഭക്ഷണം വാങ്ങി ഈറ്ററി ഏരിയയിൽ ഇരുന്ന് കഴിക്കാനാകും.

ഉപഭോക്താക്കളുടെ താൽപര്യത്തിനനുസരിച്ചുള്ള ഉന്നത ഗുണനിലവാരമുള്ള വൈവിധ്യമാർന്ന ഉൽപന്നങ്ങളാണ് ഏറ്റവും ആകർഷകമായ വിലയിൽ ലഭ്യമാക്കിയിട്ടുള്ളത്. ഉദ്ഘാടനത്തോടനുബന്ധിച്ച് പ്രത്യേക ഓഫറുകളും തൃശൂർ ലുലു ഡെയ്‌ലിയിൽ ഉപഭോക്താക്കളെ കാത്തിരിക്കുന്നുണ്ട്.

വീട്ടാവശ്യങ്ങൾക്കുള്ള എല്ലാ ഉൽപന്നങ്ങളും മികച്ച വിലയിൽ ലുലു ഡെയ്‌ലിയിൽ ലഭ്യമാണ്. കൂടാതെ ബ്യൂട്ടി ആൻഡ് വെൽനസ് വിഭാഗം, വിഭാഗമടക്കം സജ്ജീകരിച്ചിട്ടുണ്ട്. നവീനമായ ഹൈപ്പർമാർക്കറ്റ് അനുഭവമാണ് ലുലു ഡെയ്‌ലിയുലുണ്ടാവുക. ലുലു ഗ്രൂപ്പ് ഇന്ത്യ സിഇഒ ആൻഡ് ഡയറക്ടർ എം.എ നിഷാദ്, ലുലു ഗ്രൂപ്പ് ഡയറക്ടർ ഫഹാസ് അഷറഫ്, സിഒഒ രജിത്ത് രാധാകൃഷ്ണൻ, ലുലു ഇന്ത്യ മാൾസ് ഡയറക്ടർ ഷിബു ഫിലിപ്പ്സ്, സിഎഫ്ഒ കെ. സതീഷ്, റീജിയണൽ ഡയറക്ടർ സാദിഖ് കാസിം, ബയിങ്ങ് ഹെഡ് ദാസ് ദാമോദരൻ, ഹൈപ്പർമാർക്കറ്റ് ജനറൽ മാനേജർ സുധീഷ് നായർ, തൃശൂർ ലുലു ഡെയ്‌ലി ജനറൽ മാനേജർ രാധാകൃഷ്ണൻ, ഹൈലൈറ്റ് മാൾ പ്രതിനിധികൾ എന്നിവരും ചടങ്ങിൽ സംബന്ധിച്ചു.

കെഎസ്ടിഎ മാർച്ചും ധർണ്ണയും

ഇരിങ്ങാലക്കുട: കേരളത്തിലെ വിദ്യാഭ്യാസ രംഗത്തോടും സാമ്പത്തിക രംഗത്തോടുമുള്ള കേന്ദ്ര അവഗണനയിൽ പ്രതിഷേധിച്ച് കെ എസ് ടി എ വിദ്യാഭ്യാസ ജില്ലാ കേന്ദ്രങ്ങളിൽ മാർച്ചും ധർണ്ണയും നടത്തി. ഇരിങ്ങാലക്കുട LIC ഓഫീസിനു മുൻപിൽ നടത്തിയ ധർണ്ണ സംസ്ഥാന എക്സി. അംഗം ഇ അനസീർ ഉദ്ഘാടനം ചെയ്തു. ജില്ലാ ജോയിന്റ് സെക്രട്ടറി. T S സജീവൻ സ്വാഗതം പറഞ്ഞു. ജില്ലാ വൈസ് പ്രസിഡൻറ് ടി.വി വിനോദിനി അധ്യക്ഷത വഹിച്ചു. സംസ്ഥാന കമ്മിറ്റി അംഗങ്ങളായ ദീപാ ആൻറണി, ഡോ. പി.സി.സിജി, KSEPEU ജില്ലാ പ്രസിഡൻറ് സജില പി.എസ് എന്നിവർ അഭിവാദ്യങ്ങൾ അർപ്പിച്ച് സംസാരിച്ചു.ജില്ലാ ജോ. സെക്രട്ടറി സജി പോൾസൺ നന്ദി പറഞ്ഞു.

സർഗ്ഗോത്സവം: ക്വട്ടേഷൻ ക്ഷണിച്ചു

തൃശ്ശൂർ: തൃശ്ശൂർ ജില്ലയിൽ ചാലക്കുടി ട്രൈബൽ ഡെവലപ്പമെന്റ് ആഫീസിനു കീഴിൽ പ്രവർത്തിക്കുന്ന വെറ്റിലപ്പാറ, ചുവന്നമണ്ണ്, പീച്ചി എന്നീ പ്രീ മെട്രിക് ഹോസ്റ്റലുകളിലെ വിദ്യാർത്ഥി/വിദ്യാർത്ഥിനികൾക്ക് 2024 ഡിസംബർ 27, 28, 29 തിയ്യതികളിലായി വയനാട് ജില്ലയിലെ മാനന്തവാടിയിൽ വെച്ച് നടത്തപ്പെടുന്ന സംസ്ഥാന കലാമേളയായ സർഗോത്സവത്തിൽ പങ്കെടുപ്പിച്ച് തിരികെ എത്തിക്കുന്നതിന് 11 പേർക്ക് സഞ്ചരിക്കാൻ അനുയോജ്യമായ ഏസിയുള്ള ടൂറിസ്റ്റ് വാഹനം ലഭ്യമാക്കുന്നതിന് വാഹന ഉടമകളിൽ നിന്നും മത്സരാടിസ്ഥാനത്തിലുള്ള ക്വട്ടേഷൻ ക്ഷണിച്ചു.

ക്വട്ടേഷനുകൾ സ്വീകരിക്കുന്നതിനുള്ള അവസാന തിയ്യതി 20.12.2024 രാവിലെ 10.30 അങ്ങ വരെയാണ്.

കത്തീഡ്രൽ പ്രൊഫഷണൽ സിഎൽസിയുടെ ആഭിമുഖ്യത്തിൽ ക്രിസ്മസ് കരോൾ ഘോഷയാത്ര ഇരിങ്ങാലക്കുടയിൽ ഡിസംബർ 21 ന്

ഇരിങ്ങാലക്കുട : സെന്റ് തോമസ് കത്തീഡ്രൽ പ്രൊഫഷണൽ സിഎൽസി യുടെ ആഭിമുഖ്യത്തിൽ ജൂനിയർ സിഎൽസി യുടെ സഹകരണത്തോടെ നടത്തുന്ന മെഗാ ഹൈ-ടെക് ക്രിസ്മസ് കരോൾ മത്സരഘോഷയാത്രയ്ക്കുള്ള ഒരുക്കങ്ങൾ പൂർത്തിയായി. ഡിസംബർ 21 ന് വൈകീട്ട് 5 മണിക്ക് ടൗൺ ഹാൾ പരിസരത്ത് നടക്കുന്ന ചടങ്ങിൽ ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രി ഡോ ആർ ബിന്ദു മത്സരഘോഷയാത്ര ഉദ്ഘാടനം ചെയ്യും. സംസ്ഥാനത്തെ പ്രമുഖ അഞ്ച് ടീമുകൾ മൽസരഘോഷയാത്രയിൽ പങ്കെടുക്കുമെന്ന് കത്തീഡ്രൽ വികാരി ഫാ ഡോ ലാസർ കുറ്റിക്കാടൻ, ജനറൽ കൺവീനർ ഡേവിസ് പടിഞ്ഞാറേക്കാരൻ എന്നിവർ പത്ര സമ്മേളനത്തിൽ അറിയിച്ചു. ടൗൺ ഹാളിൽ നിന്നും ആരംഭിക്കുന്ന ഘോഷയാത്ര മെയിൻ റോഡ്, ഠാണാ വഴി രാത്രി 8 മണിക്ക് കത്തീഡ്രൽ അങ്കണത്തിൽ സമാപിക്കും. സമാപന ചടങ്ങിൽ രൂപത ബിഷപ്പ് മാർ പോളി കണ്ണൂക്കാടൻ സമ്മാനദാനം നിർവഹിക്കും. ജോയിന്റ് ഡയറക്ടർ ഫാ ഹാലിറ്റ് തുലാപറമ്പൻ, സിഎൽസി വൈസ്-പ്രസിഡണ്ട് ജോസ് തട്ടിൽ, പബ്ലിസിറ്റി ചെയർമാൻ സെബി അക്കരക്കാരൻ, പബ്ലിസിറ്റി കൺവീനർ വിനു ആന്റണി,ജെപി ഗ്രൂപ്പ് മാനേജിംഗ് ഡയറക്ടർ ജെ പി ബിനോയ് എന്നിവരും പത്രസമ്മേളനത്തിൽ പങ്കെടുത്തു.

സിപിഐ എം ഇരിങ്ങാലക്കുട ഏരിയ സമ്മേളനം തുടങ്ങി

ഇരിങ്ങാലക്കുട : സി പി ഐ എം ഇരിങ്ങാലക്കുട ഏരിയ സമ്മേളനം തുടങ്ങി. സ. സിതാറാം യച്ചൂരി നഗറിൽ ഏരിയ കമ്മിറ്റി അംഗം എൻ കെ അരവിന്ദാക്ഷൻപതാക ഉയർത്തി. ജില്ല കമ്മിറ്റി അംഗം അഡ്വ. കെ ആർ വിജയ താൽക്കാലിക അധ്യക്ഷയായി. കെ സി പ്രേമരാജൻ സ്വാഗതം പറഞ്ഞു. ജില്ല സെക്രട്ടറി എം എം . വർഗീസ് ഉദ്ഘാടനം ചെയ്തു. ആർ എൽ ശ്രീലാൽ രക്തസാക്ഷി പ്രമേയവും ടി.ജി. ശങ്കരനാരായണൻ അനുശോചന പ്രമേയവും അവതരിപ്പിച്ചു. ഏരിയ സെക്രട്ടറി വി എ മനോജ് കുമാർ പ്രവർത്തന റിപ്പോർട്ട് അവതരിപ്പിച്ചു. അഡ്വ. കെ ആർ വിജയ, ഡോ. കെ പി ജോർജ്, ലത ചന്ദ്രൻ, സി ഡി സിജിത്ത് എന്നിവരടങ്ങിയ പ്രസീഡിയമാണ് സമ്മേളനം നിയന്ത്രിക്കുന്നത്. ആർ എൽ ശ്രീലാൽ(മിനിറ്റ്സ്), കെ എ ഗോപി (പ്രമേയം), ടി എസ് സജീവൻ മാസ്റ്റർ (ക്രഡൻഷ്യൽ),ജയൻ അരിമ്പ്ര (റജിസ്ട്രേഷൻ) എന്നിവർ വിവിധ സബ് കമ്മിറ്റി കൺവീനർമാരായി പ്രവർത്തിക്കുന്നു.

ജില്ല സെക്രട്ടേറിയേറ്റ് അംഗങ്ങളായ പി കെ ഷാജൻ, കെ.കെ രാമചന്ദ്രൻ എം എൽ എ, ജില്ലാ കമ്മിറ്റി അംഗം മന്ത്രി ഡോ. ആർ ബിന്ദു എന്നിവർ സമ്മേളനത്തിൽ പങ്കെടുക്കുന്നുണ്ട്. ചൊവ്വാഴ്ച പ്രവർത്തന റിപ്പോർട്ടിന്മേൽ പ്രതിനിധികളുടെ പൊതുചർച്ച പൂർത്തിയാകും. മറുപടിക്കു ശേഷം ഏരിയ കമ്മിറ്റിയെ തെരഞ്ഞെടുത്ത് സമ്മേളനം പിരിയും. വെള്ളിയാഴ്ച ഉച്ചക്ക് നാല് മണിയ്ക്ക് ഠാണാവിൽ നിന്ന് ചുവപ്പ് സേന മാർച്ചും പ്രകടനവും തുടങ്ങും. ടൗൺ ഹാൾ അങ്കണത്തിലെ സ. കോടിയേരി ബാലകൃഷ്ണൻ നഗറിൽ ചേരുന്ന പൊതുസമ്മേളനം സംസ്ഥാന സെക്രട്ടേറിയേറ്റ് അംഗം പുത്തലത്ത് ദിനേശൻ ഉദ്ഘാടനം ചെയ്യും. മോദിയുടെ നേതൃത്വത്തിലുള്ള ബി ജെ പി സർക്കാർ വർഗീയ അജണ്ടകൾ മാത്രം മുൻനിർത്തി പ്രവർത്തിക്കുന്ന സർക്കാരാണെന്ന് എം എം വർഗീസ് പറഞ്ഞു.

ഭരണഘടനയുടെ അടിസ്ഥാന ശിലകളെല്ലാം തകർക്കുകയാണ്. ജനാധിപത്യ സമ്പ്രദായം തകർക്കുന്നതിന് ലക്ഷ്യമിട്ടാണ് രാജ്യത്ത് ഒരു രാജ്യം ഒരു തെരഞ്ഞെടുപ്പ് നിയമമാക്കുന്നതിനുള്ള ശ്രമം. തൊഴിലാളി കർഷക ജനവിഭാഗത്തിന് എതിരായ സർക്കാരിനെതിരായ സമരം ശക്തിപെടുത്തണം.

കോൺഗ്രസിന് ബി ജെ പിയെ പരാജയപെടുത്തുവാനുള്ള ശേഷിയില്ല. ഇച്ഛാശക്തിയുമില്ല. അത് വെളിവാക്കുന്നതാണ് സമീപകാലത്ത് നടന്ന സംസ്ഥാന തെരഞ്ഞെടുപ്പ് ഫലങ്ങൾ തെളിയിക്കുന്നത്. കർഷക സമരത്തിന്റെ ഫലമാണ് ലോകസഭ തെരഞ്ഞെടുപ്പിൽ ഉത്തരേന്ത്യയിൽ കോൺഗ്രസിനെ പിറകോട്ടടിപ്പിച്ചത്. കേരളത്തിൽ സി പി ഐ എം നെ ഒറ്റപെടുത്തുന്നതിനുള്ള സംഘടിത ശ്രമമാണ് വലതുപക്ഷ പാർട്ടികളും കോർപ്പറേറ്റ് മാധ്യമങ്ങളും നടത്തുന്നത്. എൽഡിഎഫ് സർക്കാരിനോടും ഇതേ സമീപനമാണ്. സർക്കാർ നയങ്ങൾ ബഹുജനങ്ങളിലെത്തിക്കുന്നതിന് പാർട്ടി പ്രവർത്തകർ നല്ല ശ്രദ്ധ നൽകണമെന്നും വർഗീസ് പറഞ്ഞു.

സേഫ് റോഡ് ഹാപ്പി റോഡ് പദ്ധതി

തൃശൂർ: സെന്റ് തോമസ് കോളേജും കളമശ്ശേരി SCMS കോളേജും സംസ്ഥാന മോട്ടോർ വാഹന വകുപ്പും സംയുക്തമായി നടത്തിയ സേഫ് റോഡ് ഹാപ്പി റോഡ് പദ്ധതിയുടെ റിപ്പോർട്ട് സമർപ്പണവും കൺസൾട്ടിങ്ങ് മീറ്റിങ്ങും തൃശൂർ സെന്റ് തോമസ് കോളേജിൽ വച്ച് നടന്നു. യോഗത്തിൽ കോർപ്പറേഷൻ മേയർ എം.കെ വർഗ്ഗീസ് അദ്ധ്യക്ഷത വഹിച്ചു. കോളേജ് പ്രിൻസിപ്പാൾ ഡോ. മാർട്ടിൻ ഗഅ, എക്സിക്യൂട്ടീവ് മാനേജർ ഫാ. ബിജു പാണേങ്ങാടൻ, കോർപ്പറേഷൻ വികസന കാര്യ സ്റ്റാന്റിങ്ങ് കമ്മറ്റി ചെയർമാൻ വർഗ്ഗീസ്കണ്ടംകുളത്തി, SCMS ഗ്രൂപ്പ് ഡെപ്യൂട്ടി ഡയറക്ടർ പ്രതിക് നായർ, SiRST ഡയറക്ടർ ആദർശ് കുമാർ, കോർപ്പറേഷൻ കൗൺസിലർ അഡ്വ. വില്ലി എന്നിവർ സംസാരിച്ചു. ടഇങ്ങ സിവിൽ എഞ്ചിനീയറിങ്ങ് ഹെഡ് രമ്യ YK റോഡ് സുരക്ഷ യുമായി ബന്ധപ്പെട്ട പദ്ധതി അവതരിപ്പിച്ചു. പിന്നീട് നടന്ന സുരക്ഷിതറോഡ് - റോഡ് സൗന്ദര്യവൽക്കരണം ചർച്ചക്ക് പ്രൊജക്റ്റ് കോ ഓർഡിനേറ്റർമാരായ ഇമ്മാനുവേൽ തോമസ്, ഡോറാണി സെബാസ്റ്റ്യൻ, ശ്രീജി ജോകുരുവിള എന്നിവർ നേതൃത്വം നൽകി. കോർപ്പറേഷൻ പരിധിയിലെ 40 സ്കൂളുകളും 7 കോളേജുകളും, ലേണിങ്ങ് സിറ്റിയുമായി ബന്ധപ്പെട്ട പ്രതിനിധികളും യോഗത്തിൽ പങ്കെടുത്തു. സാംസ്ക്കാരിക തലസ്ഥാനം സുരക്ഷിത തലസ്ഥാനവും ആയിരിക്കട്ടെ എന്നും റോഡ്സുരക്ഷയ്ക്കും സൗന്ദര്യവൽക്കരണ തുടർപ്രവർത്തനങ്ങൾക്കും എല്ലാവരുടേയും സഹകരണമുണ്ടാകണമെന്നും മേയർ പറഞ്ഞു.

എൻ ജെൻ എക്സ്പോ ഡിസംബർ 26 ന് ആരംഭിക്കും

ആമ്പല്ലൂർ /തൃശൂർ: ' ഉത്തരവാദിത്തം; മനുഷ്യപ്പറ്റിന്റെ രാഷ്ട്രീയം' എന്ന പ്രമേയത്തിൽ ഡിസംബർ 26, 27, 28, 29 തിയ്യതികളിൽ തൃശൂർ ആമ്പല്ലൂരിൽ നടക്കുന്ന കേരള യുവജന സമ്മേളനത്തിൽ സംഘടിപ്പിക്കുന്ന എൻ ജെൻ എക്സ്പോ ഡിസംബർ 26ന് ആരംഭിക്കും.

കരിയർ സംബന്ധിയായ എല്ലാ വിഷയങ്ങൾക്കും ഉത്തരം നൽകുന്ന എജു സൈൻ, നവ സങ്കേതങ്ങളും അവസരങ്ങളും പരിചയപ്പെടാനും ആശയങ്ങൾ അറിയാനും സഹായകമാകുന്ന ഇന്നോ വിഷൻ, ബുക്ഫെയറിന്റെ നൂതന മാതൃകയായ പുസ്തക ലോകം എന്നിവയാണ് എൻജെൻ എക്സ്പോയിൽ ഉണ്ടാകുക.

വ്യക്തിഗത കരിയർ കൗൺസലിംഗ് വിദഗ്ദ്ധ പരിശീലകരുടെ നേതൃത്വത്തിലുള്ള സെഷനുകൾ ഉന്നത പഠന മേഖലയിൽ ഇന്ത്യയിലും വിദേശത്തുമായുള്ള സർവ്വകലാശാലകൾ കോഴ്സുകൾ അഡ്മിഷൻ രീതികൾ തുടങ്ങിയവയെ കുറിച്ചുള്ള ചർച്ചകൾ ശാസ്ത്ര സാങ്കേതിക മാനവിക വാണിജ്യ മേഖലകളിലെ മാറി വരുന്ന ട്രെൻഡുകളും തൊഴിൽ സാധ്യതകളും പരിചയപ്പെടുത്തുന്ന സെഷനുകൾ ആർട്ടിഫിഷ്യൽ ഇന്റലിജൻസ് റോബോട്ടിക്സ് ക്വാണ്ടം കമ്പ്യൂട്ടിങ് തുടങ്ങിയവയെ സംബന്ധിച്ച ചർച്ചകളും സംവാദങ്ങളും സിവിൽ സർവീസ് വിവിധ സർക്കാർ സർവീസുകൾ അധ്യാപക മേഖലയിലെ തൊഴിലവസരങ്ങൾ മത്സര പരീക്ഷകൾ സർക്കാർ പ്രൈവറ്റ് സ്കോളർഷിപ്പുകൾ എന്നിവയെ കുറിച്ചുള്ള സംഭാഷണങ്ങളും സംശയ നിവാരണ വേദികളും തുടങ്ങി കരിയർ ലോകത്തെ സമഗ്രമായി സമീപിക്കുന്ന രീതിയിലാണ് എജു സൈൻ സംവിധാനിക്കുന്നത്.

250ലധികം കരിയർ മെന്റർമാരും 100 കരിയർ പ്രൊഫൈലുകളും കേന്ദ്ര സർവകലാശാലയിലേയും അന്താരാഷ്ട്ര യൂണിവേഴ്സിറ്റികളിലേയും പ്രതിനിധികളും ഉൾപ്പെടെ കരിയർ രംഗത്തെ പ്രമുഖർ സംബന്ധിക്കുന്ന മെന്റിംഗ് സെഷനുകളും എജ്യുസൈനിൻറെ പ്രത്യേകതയാണ്.

ബിസിനസ്, സ്റ്റാർട്ടപ്പുകൾ, ഇന്നൊവേഷൻ, ടെക്നോളജി, ഇകൊമേഴ്സ്, കൃഷി, സേവനം, നിർമാണം, യന്ത്രങ്ങൾ തുടങ്ങി ആധുനിക സാമൂഹിക ക്രമത്തിന്റെ സങ്കേതങ്ങളെ പ്രദർശനത്തിനും സംവാദത്തിനും വെക്കുന്നതാണ് ഇന്നോ വിഷൻ. നിയമം, സാമ്പത്തികം, ഓട്ടമേഷൻ, മാൻപവർ, ഇക്കോ ഫ്രണ്ട്ലി തുടങ്ങിയ മേഖലകളിലെ അറിവുകൾക്കും നിവാരണങ്ങൾക്കുമുള്ള തുറന്ന വേദി കൂടി ഇന്നോ വിഷനിൽ ഉണ്ടാകും.

അയ്യായിരം ടൈറ്റിലുകളിലായി മലയാളം, ഇംഗ്ലീഷ്, അറബി ഭാഷകളിലെ ഒരു ലക്ഷത്തിലധികം പുസ്തകങ്ങളുള്ള പുസ്തകലോകം കൂടി എൻ ജെൻ എക്സ്പോയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. വിശദ വിവരങ്ങൾക്ക് താഴെ നമ്പറുകളിൽ ബന്ധപ്പെടാം 9995761684, 8907780555

'അഗ്നിനക്ഷത്രം അരങ്ങിൽ യുദ്ധവിരുദ്ധപ്രമേയവുമായി പുലരി തിയ്യറ്റഴ്സ് അവതരിപ്പിക്കുന്ന അഗ്നിനക്ഷത്രം എന്ന ഏകപാത്ര നാടകം സംഗീത നാടക അക്കാഡമി നാട്യഗൃഹത്തിൽ അവതരിപ്പിക്കുന്നു. നാരായണൻ കോലഴി രചനയും സംവിധാനവും നിർവ്വഹിച്ച നാടകത്തിൽ ഡോക്ടർ ഡി.ഷീലയാണ് മുഖ്യ കഥാപാത്രമായി അരങ്ങിൽ വന്നത്. നാടകം ഗുരുവായൂർ ദേവസ്വം ചെയർമാൻ ഡോ: വി.കെ.വിജയൻ ഉദ്ഘാടനം ചെയ്തു

കേരള കോൺഗ്രസ് കുടുംബസംഗമം മെയ് 3, 4 തിയ്യതികളിലേക്ക് മാറ്റി

ഇരിങ്ങാലക്കുട: ഡിസംബർ 21, 22 തീയതികളിൽ നടത്താൻ നിശ്ചയിച്ചിരുന്ന കേരള കോൺഗ്രസ് നിയോജകമണ്ഡലം പ്രതിനിധി സമ്മേളനവും കുടുംബസംഗമവും മെയ് 3,4 തിയ്യതികളിലേക്ക് മാറ്റിയതായി പ്രസിഡന്റ് റോക്കി ആളൂക്കാരൻ, കോ ഓർഡിനേറ്റർ ഇൻ ചീഫ് മിനി മോഹൻദാസ്, കോ ഓർഡിനേറ്റർമാരായ സിജോയ് തോമസ്, പി.ടി.ജോർജ്, സേതുമാധവൻ, ജോസ് ചെമ്പകശ്ശേരി എന്നിവർ അറിയിച്ചു.

കലാലയ യൂണിയൻ തെരഞ്ഞെടുപ്പിൽ വിജയിച്ചവർക്ക് സ്വീകരണം നൽകി

തൃശ്ശൂർ : തൃശ്ശൂർ ജില്ലയിലെ വിവിധ കലാലയ യൂണിയൻ തിരഞ്ഞെടുപ്പിൽ കെ എസ് യു പാനലിൽ മത്സരിച്ചു വിജയിച്ച സ്ഥാനാർത്ഥികൾക്കും, യൂണിറ്റ് കമ്മിറ്റി ഭാരവാഹികൾക്കും സ്വീകരണവും,അനുമോദനവും സംഘടിപ്പിച്ചു. ഡിസിസി ജന: സെക്രട്ടറി അജിത്ത്കുമാർ മുണ്ടത്തിക്കോട് അനുമോദന യോഗം ഉത്ഘാടനം ചെയ്തു.ഗടഡ തൃശ്ശൂർ ജില്ലാ പ്രസിഡന്റ് ഗോകുൽ ഗുരുവായൂർ അധ്യക്ഷനായി.കെ എസ് യു സംസ്ഥാന ട്രഷറർ സച്ചിൻ ടി പ്രദീപ് , ഗടഡ സംസ്ഥാന കൺവീനർ ആസിഫ് മുഹമ്മദ്, വടക്കാഞ്ചേരി മണ